STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.18/PR/SPMC/PHQ/2025 Date: 01.03.2025

## എ.ഐ അധിഷ്ഠിത സൈബർ സുരക്ഷയ്ക്ക് തുടക്കം

അനുദിനം വർധിച്ചുവരുന്ന സൈബർ ആക്രമണങ്ങളിൽ വ്യക്തികൾ മാത്രമല്ല സ്ഥാപനങ്ങളും സംഘടനകളും ഇരകളാണ്. ഗവേഷണസ്ഥാപനങ്ങൾ, സർവകലാശാലകൾ, സാമ്പത്തികസ്ഥാപനങ്ങൾ, സർക്കാർസ്ഥാപനങ്ങൾ എന്നിങ്ങനെ എല്ലാ മേഖലകളിലും സൈബർ ആക്രമണമുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സേനയിലെ കമ്പ്യൂട്ടറുകളേയും, മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും സൈബർ സുരക്ഷാ കവചം ഒരുക്കാൻ കേരള പോലീസ് നടപടി സ്വീകരിച്ചത്. കേരള പോലീസിന്റെ സൈബർ ഡിവിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന നിർമിത ബുദ്ധിയിൽ അധിഷ്ഠിതമായ സെക്യൂരിറ്റി ഓപ്പറേഷൻ സെന്ററിനാണ് (SOC) മുഖ്യമന്ത്രി ഇന്ന് തുടക്കം കുറിച്ചത്. സൈബർ സുരക്ഷ പ്രതിരോധത്തിനുവേണ്ടി നിർമിത ബുദ്ധിയിൽ അധിഷ്ഠിതമായ സെക്യൂരിറ്റി ഓപ്പറേറ്റിംഗ് സെൻറർ നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനതല പോലീസ് സേനയാണ് കേരള പോലീസ്.

കേന്ദ്ര സർക്കാരിൻറെ മേൽനോട്ടത്തിൽ ഉള്ള സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ടെലിമാറ്റിക്സ് (CDOT)ന്റെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സുരക്ഷ പിഴവുകളെയും സൈബർ ഭീഷണികളെയും മുൻകൂട്ടി കണ്ടെത്തി അവയ്ക്കെതിരെ ഫലപ്രദമായി നടപടി സ്വീകരിക്കുകയും പോലീസ് വകുപ്പിലെ മുഴുവൻ കമ്പ്യൂട്ടറുകളെയും 24 മണിക്കൂറും നിരീക്ഷണം ഉറപ്പാക്കുകയും ചെയ്യുന്നതുവഴി ഡാറ്റായും മറ്റു പ്രധാനപ്പെട്ട വിവരങ്ങളും സംരക്ഷിക്കുന്നതിനും ആണ് SOC രൂപകല്പന ചെയ്തിരിക്കുന്നത്. സെക്യൂരിറ്റി ഓപ്പറേറ്റിംഗ് സെന്റർ (SOC) നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടത്തിൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറേറ്റ്, SDPOകൾ, തിരുവനന്തപുരം സിറ്റി പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലെ എല്ലാ കമ്പ്യൂട്ടറുകളും, മേൽ കമ്പ്യൂട്ടറുകൾ ഉൾപ്പെടുന്ന ഫയർവാളുകളുടെ ലോഗുകളും സെക്യൂരിറ്റി ഓപ്പറേറ്റിംഗ് സെന്ററിൽ ഉൾപ്പെടുത്തി പരീക്ഷണ അടിസ്ഥാനത്തിൽ നിരീക്ഷിച്ചു വരുകയാണ്.

ഇതര ജില്ലകളിലെ ജില്ലാ പോലീസ് കാര്യാലയങ്ങളിലെ കംപ്യൂട്ടറുകളെ കൂടി ഉൾപ്പെടുത്തി അടുത്ത ഘട്ടം നടപ്പിലാക്കാൻ ഉള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ ഈ വർഷം തന്നെ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും കമ്പ്യൂട്ടറുകൾ ഉൾപ്പടെ പോലീസ് ഡിപ്പാർട്മെന്റിലെ ഏകദേശം പതിനായിരത്തോളം കമ്പ്യൂട്ടറുകളെയും സെക്യൂരിറ്റി ഓപ്പറേറ്റിംഗ് സെന്ററിൽ ഉൾപ്പെടുത്തി സുരക്ഷിതമാക്കുന്ന ഈ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു.

***********************************************************